# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6479 | 08-11-2016-ൽ മറുപടിക്ക്

### കൊച്ചി കപ്പൽശാല

**ചോദ്യം**

ശ്രീ. എസ്.ശർമ്മ
ശ്രീ. ആന്റണി ജോൺ
പ്രൊഫ. കെ.യു.അരുണൻ
ശ്രീ. ബി.ഡി.ദേവസ്സി

(എ) ലാഭത്തിൽ പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ കൊച്ചി കപ്പൽശാല, ഓഹരി വിറ്റഴിച്ച് സ്വകാര്യവത്ക്കരിക്കാനുള്ള കേന്ദ്ര സർക്കാർ നീക്കത്തെക്കുറിച്ച് നിലപാട് വ്യക്തമാക്കാമോ ;

(ബി) ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ഓഹരികൾ തുച്ഛ വിലയ്ക്ക് വിറ്റ് പൊതുസ്വത്ത് സ്വകാര്യ കമ്പനികൾക്ക് അടിയറവു വയ്ക്കുന്ന നീക്കത്തിൽ നിന്നും പിന്മാറാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ ;

(സി) കൊച്ചി കപ്പൽശാലയെ പൊതുമേഖലയിൽ തന്നെ നിലനിർത്താനായി കേന്ദ്ര സർക്കാരിനെ സമീപിക്കാൻ തയ്യാറാകുമോ ; വിശദമാക്കാമോ ?

**മറുപടി**

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) (ബി) & (സി) രാജ്യാന്തര തലത്തിൽ കപ്പൽ നിർമ്മാണ മേഖല നേരിടുന്ന മത്സരത്തെ അതിജീവിക്കുന്നതിനു വേണ്ടിയുള്ള വികസന പരിപാടികൾ നടപ്പിലാക്കാൻ കൊച്ചി കപ്പൽശാലയ്ക്ക് ഏതാണ്ട് 2500 കോടി രൂപ കണ്ടെത്തേണ്ടി വരും. ഈ തുക കടമെടുത്ത് പ്രോജക്റ്റ് നടപ്പാക്കുന്നത് ലാഭകരമായിരിക്കില്ല എന്നാണ് കമ്പനി വിലയിരുത്തിയിട്ടുള്ളത്. ഫണ്ട് സമാഹരണത്തിനായി ഇനിഷ്യൽ പബ്ലിക് ഓഫറിംഗ് (IPO) നുള്ള കൊച്ചി കപ്പൽശാലയുടെ നിർദ്ദേശം സാമ്പത്തിക കാര്യങ്ങൾക്കായുള്ള കേന്ദ്ര ക്യാബിനറ്റ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്.

ലാഭത്തിൽ പ്രവർത്തിക്കുന്ന കമ്പനികൾ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്യണമെന്നാണ് കേന്ദ്ര സർക്കാരിന്റെ നയം. നിലവിലുള്ള നടപടിക്രമം അനുസരിച്ച് 25% ഓഹരി പൊതു വിപണിയിൽ ഉണ്ടായിരിക്കണമെന്നാണ് വ്യവസ്ഥ. ഇനിഷ്യൽ പബ്ലിക് ഓഫറിംഗ് (IPO) സമാഹരണത്തിലൂടെയും ഓഹരി

വിറ്റഴിക്കൽ നടപടികളിലൂടെയും 25% ഓഹരികൾ പൊതുവിപണിയിൽ നിലനിർത്താനാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. കമ്പനിയുടെ വികസന പ്രവർത്തനങ്ങൾക്കുള്ള മൂലധനം കണ്ടെത്തുകയാണ് ഇപ്പോഴത്തെ നടപടികളുടെ ലക്ഷ്യമെന്നും കൊച്ചിൻ ഷിപ്പ്‌യാർഡ് സ്വകാര്യവത്ക്കരിക്കാൻ ഉദ്ദേശിക്കുന്നില്ലെന്നും കേരളത്തിൽ നിന്നുള്ള പാർലമെന്റ് അംഗങ്ങളേയും, ട്രേഡ് യൂണിയൻ ഭാരവാഹികളേയും കേന്ദ്ര ഷിപ്പിംഗ് വകുപ്പ് മന്ത്രി അറിയിച്ചിട്ടുണ്ട്.

കൊച്ചിൻ ഷിപ്പ്‌യാർഡ് ലിമിറ്റഡ് ഒരു കേന്ദ്ര പൊതുമേഖലാ സ്ഥാപനമായതിനാൽ അതിന്റെ ഭരണപരമായ കാര്യങ്ങളിൽ ഇടപെടുന്നതിന് സംസ്ഥാന സർക്കാരിന് പരിമിതിയുണ്ട്. ആയതിനാൽ ആ സ്ഥാപനത്തിന്റെ ഓഹരി വിറ്റഴിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ അനുമതി ആവശ്യമില്ല. നിലവിലുള്ള ഓഹരി വിറ്റഴിക്കൽ നയത്തിന്റെ (disinvestment policy) ഭാഗമായാണ് മേൽ നടപടിയുമായി കേന്ദ്ര സർക്കാർ മുന്നോട്ടു പോകുന്നത്.

സെക്ഷൻ ഓഫീസർ